(ബി) ഈ പദ്ധതി പ്രകാരം ഇതുവരെ എത്ര വായ്പക്കുടിശ്ശികക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു;

(സി) ഈ ആനുകൂല്യത്തിനുള്ള സമയപരിധി ദീർഘിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു വരെ;

(ഡി) കുടിശ്ശികക്കാർക്ക് ഈ ആനുകൂല്യം നൽകാതിരിക്കുന്ന ബാങ്കുകൾക്കെതിരെ എന്തെല്ലാം നടപടികൾ എടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-10-2001 മുതൽ.

(ബി) 31-3-2003 വരെ 3,34,942 പേർക്ക് പ്രയോജനം ലഭിച്ചു.

(സി) ഉണ്ട്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ വൺടൈം സെറ്റിൽമെന്റ് പദ്ധതിയുടെ സമയപരിധി 31-12-2003 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിൽ റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം 30-9-2003-നകം അപേക്ഷ സമർപ്പിക്കാവുന്നതും 31-3-2004-നകം ഈ പദ്ധതി പ്രകാരം കുടിശ്ശിക അടച്ചു തീർക്കാവുന്നതുമാണ്.

(ഡി) 'വൺടൈം സെറ്റിൽമെന്റ്' പദ്ധതിയുടെ ആനുകൂല്യം കുടിശ്ശികക്കാർക്ക് നൽകാത്ത സഹകരണ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. (സർക്കുലർ നമ്പർ 49/02)

വൺടൈം സെറ്റിൽമെന്റ് സ്കീം 2003 സെപ്തംബർ മാസം 30-ാം തീയതിവരെ ദീർഘിപ്പിക്കുന്നതിന് നടപടി

75 [2727] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്:
,, മാമ്മൻ മത്തായി:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിശ്ശികയായ വായ്പയ്ക്ക് പലിശ ഇളവ് ചെയ്തുകൊടുക്കുന്ന റിസർവ് ബാങ്കിന്റെ പദ്ധതി സഹകരണ ബാങ്കിംഗ് മേഖലയിൽ പരാജയപ്പെടാനിടയായ കാരണങ്ങളും സാഹചര്യവും എന്താണെന്ന് വിശദമാക്കാമോ;

(ബി) സഹകരണ ബാങ്ക് വായ്പക്കുടിശ്ശികക്കാരെ യഥാസമയം വൺടൈം സെറ്റിൽമെന്റിനെക്കുറിച്ച് വിവരം അറിയിക്കാത്തതുമൂലമോ, ബാങ്കിന്റെ അനാസ്ഥമൂലമോ ഇതിന്റെ ആനുകൂല്യം വായ്പക്കുടിശ്ശികക്കാർക്ക് ലഭിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതി വേണ്ടത്ര വിജയിക്കാത്തതിന്റെ കാരണങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ ഒരന്വേഷണം നടത്താമോ;

(ഡി) കുടിശ്ശിക വായ്പക്കാർക്ക് മുഴുവൻ ഈ ആനുകൂല്യം ലഭ്യമാക്കാൻ വൺടൈം സെറ്റിൽമെന്റ് സ്കീം 2003 സെപ്തംബർ മാസം 30 വരെ ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുടിശ്ശികയായ വായ്പയ്ക്ക് പലിശ ഇളവ് ചെയ്തുകൊടുക്കുന്ന പദ്ധതി സഹകരണ ബാങ്കിംഗ് മേഖലയിൽ പരാജയപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) പദ്ധതി എല്ലാ വായ്പാ സംഘങ്ങളും കർശനമായി നടപ്പാക്കണമെന്ന് കാണിച്ച് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ 49/02)

(ഡി) പ്രാഥമിക വായ്പാ സംഘങ്ങളിൽ വൺടൈം സെറ്റിൽമെന്റ് സ്കീം 2003 സെപ്തംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി 30-9-2003-നകം അപേക്ഷ സമർപ്പിക്കാനും 31-3-2004-നകം കുടിശ്ശിക അടച്ചുതീർക്കാനും അനുവാദം നൽകിയിട്ടുണ്ട്.

വൺടൈം സെറ്റിൽമെന്റ് മുഖേന കിട്ടാക്കടം പിരിച്ചെടുക്കാൻ നടപടി

76 [2728] ശ്രീ. കെ. എ. ചന്ദ്രൻ:
,, വി. ജെ. പൗലോസ്:
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:
ശ്രീ. എൻ. ശക്തൻ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിശ്ശികയായിട്ടുള്ള സഹകരണ കടങ്ങൾക്ക് വൺടൈം സെറ്റിൽമെന്റ് അനുവദിക്കുന്നുണ്ടോ;

(ബി) സഹകരണ കടങ്ങൾക്ക് വൺടൈം സെറ്റിൽമെന്റിന് ഗൈഡ്ലൈൻ ഗവൺമെന്റിൽനിന്നും നൽകിയിട്ടുണ്ടോ;

(സി) വൺടൈം സെറ്റിൽമെന്റ് മുഖേന എന്തു തുകയ്ക്കുള്ള കിട്ടാക്കടം പിരിച്ചെടുക്കാൻ കഴിഞ്ഞു; പ്രസ്തുത സ്കീം എന്നത്തേക്ക് അവസാനിക്കും?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly